(സി) ഡിസംബർ അവസാനവാരത്തോടെ നീതി മെഡിക്കൽ സ്റ്റോർ തുറന്ന് പ്രവർത്തിപ്പിക്കത്തക്കവിധത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.

(ഡി) .സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറിന്റെ വണ്ടിയുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കിയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയും 2015 ജനുവരി ആദ്യ വാരത്തിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) മൂന്ന് സ്ഥാപനങ്ങളിലെയും പ്രശ്നങ്ങൾ പരിശോധിച്ച് പരിഹരിക്കുന്നതിന് റീജിയണൽ മാനേജരെയും സൂപ്പർവിഷൻ ആഫീസറെയും കൺസ്യൂമർഫെഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്.

നീതി മെഡിക്കൽ സ്റ്റോറുകൾ

74 (4065) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) .എന്തെല്ലാം മരുന്നുകളാണ് നീതിസ്റ്റോറുകൾ മുഖേന വിതരണം ചെയ്യുന്നതെന്നും എത്ര ശതമാനമാണ് ഈ മരുന്നുകൾക്ക് സബ്സിഡി ഇനത്തിൽ നൽകുന്നതെന്നും അറിയിക്കാമോ;

(ഡി) അവശ്യ മരുന്നുകളുടെ ലഭ്യത നീതി സ്റ്റോറുകളിൽ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കൺസ്യൂമർഫെഡിന്റെ കീഴിൽ 97 നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവ എവിടെയെല്ലാമാണെന്നുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനങ്ങൾ കൂടുതലായി വസിക്കുന്ന ഗ്രാമപ്രദേശങ്ങൾ, സഹകാര്യ മേഖലയിലുള്ള മെഡിക്കൽ സ്റ്റോറുകൾ താരതമ്യേന കുറവുള്ള സ്ഥലങ്ങൾ, രോഗികൾക്ക് ദീർഘദൂരം സഞ്ചരിച്ച് മരുന്ന് വാങ്ങേണ്ട സ്ഥലങ്ങൾ എന്നിവയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി നഷ്ടംകൂടാതെ നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തിപ്പിക്കുന്നതിനുള്ള സാധ്യത കൂടി പരിഗണിച്ച് സ്റ്റോറുകൾ ആരംഭിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെ സാധാരണ ജനങ്ങൾക്ക് ആവശ്യമുള്ള 6000-ൽപ്പരം വിവിധ ഇനങ്ങളിൽപ്പെട്ട മരുന്നുകൾ നീതി മെഡിക്കൽ സ്റ്റോറുകൾ മുഖേന വിൽപ്പന നടത്തുന്നുണ്ട്. നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ വിൽപ്പന നടത്തുന്ന മരുന്നുകൾക്ക് സബ്സിഡി നൽകുന്നില്ല. ഇൻസുലിൻ മരുന്നുകൾ വിൽപ്പന വിലയിൽ നിന്നും 10 ശതമാനം വിലക്കുറവിലും മറ്റ് മരുന്നുകൾ എം.ആർ.പി.-യെക്കാൾ 10 മുതൽ 20 ശതമാനം വിലക്കുറവിലും വിൽപ്പന നടത്തുന്നു.

(ഡി) പ്രധാനപ്പെട്ട കമ്പനികളുടേതായി കേരളത്തിൽ വിൽക്കപ്പെടുന്ന മരുന്നുകൾ കേന്ദ്രീകൃത വാങ്ങൽ വഴിയും പ്രാദേശികമായി രോഗികൾക്കാവശ്യമുള്ള മരുന്നുകൾ നീതി മെഡിക്കൽ സ്റ്റോർ വഴി നേരിട്ട് വാങ്ങിയും അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നു.

നന്മ സ്റ്റോറുകൾ തുടങ്ങുന്നതിന് നടപടി

75 (4066) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നന്മ സ്റ്റോറുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) നൻമ സ്റ്റോർ തുടങ്ങുന്നതിനായി പഞ്ചായത്തുകളോ പൊതു സമൂഹമോ പാലിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(സി) വ്യവസ്ഥകൾ പാലിച്ചിട്ടും സ്റ്റോറുകൾ തുടങ്ങാത്ത എത്ര സ്ഥലങ്ങളുണ്ട് ;

(ഡി) കഴിഞ്ഞ രണ്ട് വർഷമായി മുൻകൂർ വാടക നൽകി ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടും തുടങ്ങാൻ കഴിയാത്ത എത്ര സ്റ്റോറുകൾ കോഴിക്കോട് ജില്ലയിൽ ഉണ്ട് ;

(ഇ) അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; ഇവ തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനമോ സഹകരണ സ്ഥാപനങ്ങളോ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനമോ സന്നദ്ധ സംഘടനകളോ കുറഞ്ഞത് 200/400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ സ്ഥലം വാടകയില്ലാതെ അനുവദിക്കാൻ തയ്യാറാകുന്നപക്ഷം വിൽപ്പന സാദ്ധ്യതകൂടി പരിഗണിച്ച് പ്രത്യേക പരിഗണനാടിസ്ഥാനത്തിൽ ആ പ്രദേശങ്ങളിൽ നന്മ സ്റ്റോർ ആരംഭിക്കുകയാണ് ചെയ്തുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly